6. കഴിയുന്നത്ര സ്റ്റുഡൻസ് ഒൺലി ബസ്സുകൾ ഓടിക്കുന്നതിനും ബസ്സുകൾ കഴിയുന്നത്ര എല്ലാ സ്റ്റോപ്പുകളിലും നിർത്തുന്നതിനും മറ്റുമുള്ള നിർദ്ദേശങ്ങളിൻമേൽ കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

7. പ്രൈവറ്റ് ബസ്സുകളിലെ ജീവനക്കാരുടെ അപമര്യാദയായുള്ള പെരുമാറ്റത്തെ സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണറുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പരിശോധിക്കുന്നതാണ്.

66 (354) ആർ.ടി. ഓഫീസുകളിലെ അഴിമതി

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി. ഓഫീസുകളിലെ അഴിമതി കുറച്ചുകൊണ്ട് വരുന്നതിന് സർക്കാർ പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) കമ്പ്യൂട്ടർ സംവിധാനം എന്നത്തേക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ;

(സി) വാഹനങ്ങൾ ബ്രേക്ക് ടെസ്റ്റെടുക്കുന്നതിന് പണം കൊടുക്കാത്തവരെ അനാവശ്യ കാരണങ്ങൾ പറഞ്ഞ് മടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം നടപടികൾ ഒഴിവാക്കാൻ എന്തെല്ലാം ചെയ്യാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ലേണേഴ്സ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസ് മുതലായവ ടെസ്റ്റ് നടത്തുന്ന സ്ഥലത്തുവച്ചുതന്നെ നൽകാൻ തീരുമാനിച്ചു. ഇത് ആർ.ടി. ഓഫീസുകളിലെ അഴിമതിക്കുള്ള സാദ്ധ്യത ഗണ്യമായി കുറയ്ക്കാൻ സഹായിക്കും. ഡിപ്പാർട്ടുമെന്റിൽ രൂപീകരിച്ചിട്ടുള്ള വിജിലൻസ് സെൽ ആർ.ടി. ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തിവരുന്നു. പൊതുജനങ്ങളുടെ പരാതി സ്വീകരിച്ച് വിശദമായ അന്വേഷണം നടത്തുകയും കുറ്റക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗൗരവതരമായ കുറ്റങ്ങൾ കണ്ടെത്തിയാൽ അനന്തര നടപടികൾക്കായി സംസ്ഥാന വിജിലൻസ് വിഭാഗത്തിന് കൈമാറുകയും ചെയ്യുന്നു.

(ബി) ഡിപ്പാർട്ടുമെന്റിലെ മുഴുവൻ ഓഫീസുകളിലും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ട തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച്, ലഭിക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കപ്പെടുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെടുന്ന പക്ഷം വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

67 (355) ജോയിന്റ് ആർ.ടി. ഓഫീസ് സ്ഥാപിക്കുവാൻ നടപടി

LIBRARY ARCHIVES Kerala Legislative Assembly